(ജി) പുത്തൻകുരിശ് ബ്രാഞ്ചു കനാലിന്റെ മെയിന്റനൻസിന് ഈ വർഷം 80,000/- രൂപ വകകൊള്ളിച്ചിട്ടുണ്ട്. മെയിന്റനൻസ് ചെയ്തു കഴിഞ്ഞാൽ അവസാനഭാഗത്ത് വെള്ളം എത്തിക്കാവുന്നതാണ്.

(എച്ച്) ഐരാപുരം അക്വഡേറ്റ് തകർന്ന് വീഴാറായ അവസ്ഥയൊന്നും ഇപ്പോൾ ഇല്ല. 'അക്വഡേറ്റി'ന് ചോർച്ചയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഐ) നടപ്പുവർഷത്തെ ആക്ഷൻ പ്ലാനിൽ പ്രസ്തുത പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കനാലിലൂടെ ജലവിതരണം ഇല്ലാത്ത സമയത്ത് അറ്റ കുറ്റപ്പണികൾ ഏറ്റെടുത്ത് ചെയ്തുതീർക്കാവുന്നതാണ്.

**25 (1847) മുന്നാം കടവ് ജലസേചന പദ്ധതി**

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാംകടവ് ജലസേചന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) പദ്ധതി പ്രവർത്തനത്തിനായി എത്ര ആഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ ആഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ഡി) ഈ ഓഫീസുകളിൽ എത്ര ജീവനക്കാരുടെ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്;

(ഇ) ഇതിൽ എത്ര ഒഴിവുകൾ നിലനിൽക്കുന്നുണ്ട്;

(എഫ്) പദ്ധതിപ്രവർത്തനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിപ്രവർത്തനത്തിനായി കണ്ണൂർ ഡിവിഷന്റെ കീഴിൽ ഒരു സബ്ഡിവിഷനും മൂന്നു സെക്ഷനുകളും പ്രവർത്തിച്ചുവരുന്നു.

(സി) ഈ പദ്ധതിയുടെ സബ്ഡിവിഷൻ ആഫീസും സെക്ഷൻ ആഫീസുകളും കാഞ്ഞുങ്ങാട്ടാണ് പ്രവർത്തിച്ചുവരുന്നത്.

(ഡി) മൊത്തം 23 ജീവനക്കാരുടെ തസ്തികകൾ

(ഇ) പന്ത്രണ്ട് ഒഴിവുകൾ

(എഫ്) ഈ പദ്ധതിയുടെ ഭൗമിക പര്യവേഷണം കഴിഞ്ഞു. വിശദമായ പര്യവേഷണം നടന്നുവരുന്നു.

**26 (1848) ജലവിതരണ പദ്ധതികൾ**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള വാട്ടർ അതോറിറ്റിക്ക് സമാന്തരമായി ജലവിതരണ പദ്ധതികൾ തുടങ്ങുന്നതിനായി ലോകബാങ്ക് നിബന്ധനയോടെയുള്ള "ഏജൻസി" ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ലോകബാങ്ക് നിബന്ധന പ്രകാരം ജലവിതരണ പദ്ധതികൾ സമാന്തര ഏജൻസി മുഖാന്തിരം നടപ്പിലാക്കുകയാണെങ്കിൽ ജലത്തിന്റെ വില നിലവിൽ ഉള്ളതിനേക്കാൾ വർദ്ധിക്കുവാൻ ഇടയുണ്ടോ;

(സി) കേരള വാട്ടർ അതോറിറ്റിക്ക് ജലവിതരണത്തിന് എ.ആർ.പി. (കേന്ദ്രസഹായം) എൽ.ഐ.സി. രാജിവ്ഗാന്ധി വാട്ടർ മിഷൻ തുടങ്ങിയ ഏജൻസികൾ നൽകുന്ന ധനസഹായം സമാന്തര ഏജൻസിക്ക് കൈമാറുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ജലവിതരണ പദ്ധതികളും സമാന്തര ഏജൻസികൾക്ക് ശുദ്ധജലവിതരണ പദ്ധതികളുടെ സ്ഥാപനവും കൈമാറുകയാണെങ്കിൽ ഇത് കേരള വാട്ടർ അതോറിറ്റിക്കും അതിലെ ജീവനക്കാർക്കും എന്തെങ്കിലും തരത്തിൽ ദോഷകരമാകുവാൻ ഇടയുണ്ടോ?

ഉത്തരം

(എ) ഇല്ല. എന്നാൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ നാല് ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ ലോകബാങ്ക് സഹായത്തോടുകൂടിയും പഞ്ചായത്തുകളുടേയും ഉപഭോക്താവിന്റേയും സഹകരണത്തിലും ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള ഗ്രാമീണ ജലവിതരണ ശുചീകരണ ഏജൻസി എന്ന പേരിൽ ഒരു സ്വയംഭരണ സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) വെള്ളം സംഭരിച്ച് ശുചീകരിച്ച് വിതരണം നടത്തുന്നതിന് കിലോലിറ്ററിനുണ്ടാകുന്ന ചെലവ് വാട്ടർ അതോറിറ്റിക്ക് ഉള്ളതിനേക്കാൾ കുറയാനാണ് സാധ്യത. എങ്കിലും ഓരോ പദ്ധതിയും ചെലവാകുന്ന മൂലധനം, നടത്തിപ്പ് ചെലവ് ഇവ അനുസരിച്ച് ഉപഭോക്താവ് നൽകുന്ന വിലയിൽ വ്യത്യാസം ഉണ്ടാകാവുന്നതാണ്.

(സി) ഇല്ല.

(ഡി) ദോഷകരമാകാൻ സാദ്ധ്യതയില്ല.

**27 (1849) വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള കോൺട്രാക്ട് സംവിധാനത്തിൽ മാറ്റം**

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള കോൺട്രാക്ട് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മാറ്റം വരുത്തുന്നതിനുള്ള ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly